(ബി) ഡിപ്പാർട്ടുമെൻറിൽനിന്നും പ്രസ്തുത സ്കീമിന് വേണ്ടിയുള്ള സ്ഥലത്തിന് 20 അടി വീതിയിൽ അതിരു കല്ലുകൾ സ്ഥാപിക്കുകയും കൃഷിക്കാർ പ്രസ്തുത സ്ഥലത്ത് നിന്നിരുന്ന ഫലവൃക്ഷങ്ങൾ വെട്ടിയും ഇളക്കിയും സ്ഥലം അഡ്വാൻസ് പൊസഷൻ സമ്മതിച്ച് എഴുതി കൊടുക്കുകയും ചെയ്തിട്ട് നാലുകൊല്ലത്തോളമായി .എന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഡ്രെയിനേജ് സ്കീമിൻെറ പണി ഉടനടി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ''ഡി'' ബ്ലോക്ക് ഡ്രെയിനേജ് സ്കീമിനെ മേഖല ഒന്നും മേഖല രണ്ടുമായി തിരിച്ചിട്ടുണ്ട്. കവടിയാർ ഭാഗവും പണ്ഡിറ്റ് കോളനിയും മേഖല ഒന്നിൽ ഉൾപ്പെടുന്നു. ടി മേഖലയിൽ ഡ്രെയിനേജ് പൈപ്പിടുന്ന പണികൾ വളരെ കുറച്ച് മാത്രമേ ചെയ്യുവാൻ സാധിച്ചിട്ടുള്ളു. ഇപ്പോൾ മേഖല രണ്ടിൻെറ (മെഡിക്കൽ കോളേജ്, കണ്ണമ്മൂല, ടാഗോർ ഗാർഡൻ, കുമാരപുരം ഏരിയ) പണികൾ ഭാഗികമായി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ആ മേഖലയിലെ പണികളെ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയുമാണ്.

തിരുവനന്തപുരം ഡ്രെയിനേജ് സ്കീമിന് വേണ്ടി ('ഡി' ആൻറ് 'ഇ' ബ്ലോക്ക്) അംഗീകരിച്ച അടങ്കൽ തുക 480 ലക്ഷം രൂപ ആണ്. ടി സ്കീം എൽ.ഐ.സി.യുടെ ധനസഹായത്തോടെയാണ് നടത്തി വന്നത്. കഴിഞ്ഞ സാമ്പത്തികവർഷാവസാനംവരെ മൊത്തം 531 ലക്ഷം രൂപ ടി പദ്ധതിയ്ക്കുവേണ്ടി ചെലവായിട്ടുണ്ട്. എൽ.ഐ.സി.യിൽ നിന്നും ധനസഹായം ഇനി ഈ സ്കീമിനുവേണ്ടി ലഭിക്കുകയില്ല. ടി സ്കീം പൂർത്തിയാക്കുന്നതിനുവേണ്ടി 17.5 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പണത്തിൻെറ ലഭ്യതയനുസരിച്ച് കവടിയാർ പണ്ഡിറ്റ് കോളനി ഭാഗത്തുള്ള ജോലികൾ പുനരാരംഭിക്കുന്നതാണ്.

(ബി) കുറച്ച് സ്ഥലംകൂടി പൊന്നും വിലയ്ക്ക് എടുക്കുവാനുണ്ട്. പണ്ഡിറ്റ് കോളനി, കവടിയാർ എന്നീ സ്ഥലങ്ങളിൽ കുറച്ച് ഭാഗത്ത് ഡ്രെയിനേജ് പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്. ആ ഭാഗത്ത് ഹൗസിംഗ് ബോർഡ് ഏരിയായിൽ വരുന്ന ഭാഗത്തുള്ള സ്ഥലം ബോർഡിൽനിന്നും വിട്ടുതരേണ്ടതായിട്ടുണ്ട്. കൂടാതെ എല്ലാവരും ഭൂമി കൈമാറിയിട്ടില്ല. ഇതിനും പുറമേ ഒരാൾ സ്ഥലം എടുക്കുന്നതിന് എതിരായി കോടതിയെ സമീപിച്ചിരിക്കുകയും ആണ്. കേസ് നിലവിലുണ്ട്.

(സി) പണത്തിൻെറ ലഭ്യതയനുസരിച്ച് പ്രസ്തുത സ്കീമിൻെറ പണികൾ ആരംഭിക്കുന്നതാണ്.

കുണ്ടറ ശുദ്ധജലവിതരണ പദ്ധതി

426 [463] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ പണികൾ എന്നുമാത്രം പൂരോഗമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ സോൺ 3—ലെ ഓവർ ഹെഡ് ടാങ്ക്, ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ കരാർ ഉറപ്പിച്ചു. സോൺ 3—ലെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിനുള്ള ടെൻഡർ വിളിച്ചിട്ടുണ്ട്. കൂടാതെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിന്റെ 4 എസ്റ്റിമേറ്റുകൾ അംഗീകരിച്ചിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിക്കാവശ്യമായ പൈപ്പുകളും മറ്റ് സാമഗ്രികളും ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

കവിയൂർ വില്ലേജിലെ ശുദ്ധജലവിതരണ പദ്ധതി

427 [464] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കവിയൂർ വില്ലേജിൽ ആൽഭാഗത്ത് പെരുമ്പടി പാലത്തിന് കിഴക്കായി വരുന്ന പന്ത്രണ്ടോളം വീട്ടുകാരെ തിരുവല്ല പബ്ലിക് ഹെൽത്ത് ഡിവിഷൻ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ഒഴിവാക്കിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് മേൽപ്പറഞ്ഞ വീട്ടുകാരിൽനിന്നും എന്തെങ്കിലും പരാതി തിരുവല്ല പബ്ലിക് ഹെൽത്ത് ഡിവിഷനൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) മേൽപ്പറഞ്ഞ വീടുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇപ്പോൾ പണിനടന്നുകൊണ്ടിരിക്കുന്ന കവിയൂർ കുന്നന്താനം ശുദ്ധജല വിതരണ പദ്ധതിയിൽ (Accelerated Rural Water Supply Scheme) പ്രസ്തുത പ്രദേശം ഉൾപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി, ഡി) പ്രസ്തുത പദ്ധതിയിൽ നിന്നും ഈ പ്രദേശത്തേയ്ക്കുകൂടി പൈപ്പ്ലൈൻ നീട്ടുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

പയ്യാവൂർ ശുദ്ധജല വിതരണ പദ്ധതി

428 [465] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട പയ്യാവൂർ ശുദ്ധജല വിതരണ പദ്ധതിയുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly